**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1071** **31-01-2024 - ൽ മറുപടിയ്ക്ക്**

**കണ്ണമ്മൂല-ആക്കുളം ആമയിഴഞ്ചാൻ തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണമ്മൂല-ആക്കുളം ആമയിഴഞ്ചാൻ തോട് നവീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആമയിഴഞ്ചാൻ തോടിൽ കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള ഭാഗത്ത് തോടിന്റെ നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ 38% സിവിൽ പ്രവൃത്തി പൂർത്തീകരിച്ചു. 1304 മീറ്റർ, നീളത്തിൽ കോൺക്രീറ്റ് ലൈനിംഗം, 82 മീറ്റർ നീളത്തിൽ പുതിയതായി കോൺക്രീറ്റ് സംരക്ഷണഭിത്തിയും, 1394.7 മീറ്റർ നീളത്തിൽ പാരപ്പറ്റ് വാളും, 188 മീറ്റർ നീളത്തിൽ പാരപ്പറ്റ് റൈസിംഗം നടപ്പിലാക്കിയിട്ടുണ്ട്. ഡീസിൽറ്റിംഗ് പ്രവൃത്തി 41% പൂർത്തീകരിക്കുകയും ചെയ്തു. പ്രവൃത്തി പുരോഗമിച്ചു വരുന്നുണ്ട്. പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തി പൂർത്തിയാക്കുവാൻ അനുവദിച്ചിരിക്കുന്ന കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 11.08.2021 -ലെ 06/SE/ISC/2021-22 നമ്പർ കരാർ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 8 മാസം ആയിരുന്നു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 31.03.2024 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്ന കരാറുകാരന് ഈ പ്രവൃത്തി നിർവഹിക്കുവാൻ സാധിക്കും എന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിക്കുമോ; | (സി) | വിലയിരുത്തിയിട്ടുണ്ട്. പ്രീക്വാളിഫിക്കേഷൻ പ്രവൃത്തി ആയതിനാൽ സമാനമായ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയതിന്റെ പ്രവൃത്തി പരിചയം കണക്കിലെടുത്താണ് ഈ പ്രവൃത്തിയുടെ കരാർ നൽകിയിട്ടുള്ളത്. പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന് പ്രധാന കാരണം അടിക്കടിയുണ്ടാകുന്ന മഴയും വെള്ളക്കെട്ടും വാട്ടർ അതോറിറ്റിയുടെ സ്വീവേജ് പൈപ്പ് ലൈൻ ഇടുന്നതിനുള്ള അലൈൻമെന്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഇതുവരെയും ലഭ്യമാക്കാത്തതുമാണ്. 31.03.2024 -ൽ പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് . ഈ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നടപടി സ്വീകരിക്കുന്നതാണ് . |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരൻ ബില്ല് മാറിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കുള്ള ബില്ലാണ് മാറിയിട്ടുള്ളത്; ബില്ല് അപ്രൂവ് ചെയ്ത ഉദ്യോഗസ്ഥന്റെ വിവരങ്ങൾ വിശദമാക്കാമോ; | (ഡി) | തിരുവനന്തപുരം, വൻകിട ജലസേചനവിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 3 പാർട്ട് ബില്ലുകളിലായി ആകെ 379.13 ലക്ഷം രൂപ കരാറുകാരന് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) | ഈ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) | പ്രസ്തുത പ്രവൃത്തിയുടെ സിവിൽ പ്രവൃത്തികൾ 2024 മാർച്ചോടെ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ